"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ദുരന്ത നിവാരണ വകുപ്പ് - കോവിഡ്-19-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ CrPc 144-ലെ വ്യവസ്ഥകളിൽ നിന്ന് ഇളവ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ദുരന്ത നിവാരണ (എ) വകുപ്പ്**

**സ.ഉ.(സാധാ) നം.810/2020/DMD** തീയതി, തിരുവനന്തപുരം, 13/10/2020

പരാമർശം:- 1. സ.ഉ(സാധാ) നം.774/2020/ഡി.എം.ഡി. തീയതി 01.10.2020.

2. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഡയറക്ടറുടെ 02.10.2020 തീയതിയിലെ 2165/സി/17/ആർ.ഇ.ജി.എസ നമ്പർ നിവേദനം.

3. 08.10.2020 തീയതിയിലെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗ തീരുമാനം.

**ഉത്തരവ്**

കോവിഡ് വ്യാപനത്തെ തുടർന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച ലോക്ക് ഡൗണിന്റെ സാഹചര്യത്തിൽ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ 25.03.2020 മുതൽ നിർത്തിവച്ചിരുന്നതായും എന്നാൽ, ഹോട്ട് സ്പോട്ടുകൾ ആക്കി പ്രഖ്യാപിച്ച പ്രദേശങ്ങളിൽ ഒഴികെ 21.04.2020 മുതൽ പ്രവൃത്തികൾ പുന:രാരംഭിച്ചിട്ടുണ്ടെന്നും സാമൂഹ്യ അകലം പാലിച്ച് കൊണ്ടും ബ്രേക്ക്-ദ-ചെയിൻ പ്രോട്ടോക്കോൾ പ്രകാരം സുരക്ഷാ നടപടികൾ സ്വീകരിച്ചുകൊണ്ടുമാണ് നിലവിൽ തൊഴിലുറപ്പ് പദ്ധതി നിർവ്വഹണം നടത്തി വരുന്നതെന്നും പരാമർശം (2) പ്രകാരം അറിയിച്ചിട്ടുണ്ട്. കൂടാതെ, പൊതു പ്രവൃത്തികളിൽ പരമാവധി 20 പേരുള്ള മസ്റ്റർറോളുകൾ മാത്രം നൽകുന്നതിനും, പ്രവൃത്തി സ്ഥലത്ത് അഞ്ചു പേരിൽ കൂടുതൽ കൂട്ടം കൂടാതിരിക്കുന്നതിനുള്ള നിർദ്ദേശവും നൽകിയിട്ടുള്ളതുമാണെന്നും നിവേദനത്തിൽ പരാമർശിച്ചിട്ടുണ്ട്.

2) എന്നാൽ പരാമർശം (1) പ്രകാരം 2020 ഒക്ടോബർ 3 മുതൽ അഞ്ച് പേരിൽ കൂടുതൽ കൂട്ടം കൂടുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പല ഗ്രാമപഞ്ചായത്തുകളും സ്വമേധയാ പദ്ധതി നിർത്തി വയ്ക്കുന്ന സാഹചര്യം സംജാതമായിട്ടുണ്ടെന്നും കോവിഡ് വ്യാപനം മൂലം ഉണ്ടായ തൊഴിൽ നഷ്ടങ്ങളുടെ പശ്ചാത്തലത്തിൽ അഭ്യസ്തവിദ്യർ ഉൾപ്പെടെ കൂടുതൽ പേർ തൊഴിലുറപ്പ് പദ്ധതിയിൽ പങ്കാളികളാവുന്ന സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത പദ്ധതിയെ ഉത്തരവിന്റെ പരിധിയിൽ നിന്നും ഒഴിവാക്കിക്കൊണ്ട് വ്യക്തത വരുത്തി നൽകണമെന്ന് പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിരിക്കുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (3)-ലെ തീരുമാന പ്രകാരം പൊതു പ്രവൃത്തികളിൽ പരമാവധി 20 പേരുള്ള മസ്റ്റർറോളുകൾ മാത്രം നൽകുന്നതിന് നിർദ്ദേശിച്ച് കൊണ്ടും അഞ്ച് പേരിൽ കൂടുതൽ കൂട്ടം കൂടുന്നതിൽ നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടുള്ള പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകളിൽ നിന്നും മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയെ ഒഴിവാക്കിക്കൊണ്ട് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സാജു.എസ്.**
**അഡിഷണൽ സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം

കമ്മീഷണർ, ദുരന്ത നിവാരണം, തിരുവനന്തപുരം

എല്ലാ ജില്ലാകളക്ടർമാർക്കും

**File No.DMA2/897/2020-DMD**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ, ബ്രാഞ്ച് ഓഫീസ്, കോട്ടയം, തൃശ്ശൂർ, എറണാകുളം, കോഴിക്കോട്
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി, വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം

മിഷൻ ഡയറക്ടർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, സ്വരാജ് ഭവൻ, കവടിയാർ പി.ഒ
തദ്ദേശ സ്വയംഭരണ വകുപ്പ്

തൊഴിലും നൈപുണ്യവും വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി
പകർപ്പ് :-

ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ സെക്രട്ടറിയ്ക്ക്
റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രിയുടെ പി.എസിന്

തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസിന്

തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രിയുടെ പി.എസിന്
റവന്യൂവും ദുരന്ത നിവാരണവും വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേഴ്സണൽ അസിസ്റ്റന്റിന്
ദുരന്ത നിവാരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ-യ്ക്ക്

വെബ് & ന്യൂ മീഡിയ, ഐ & പി. ആർ. ഡി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ